**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 960** **05/02/2020-ലെ മറുപടിയ്ക്ക്**

**പഴകിയ പൈപ്പുകൾ മാറ്റുന്നതിനുള്ള നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇന്ത്യനൂർ റോഡിൽ പൈപ്പ്പൊട്ടി ശുദ്ധജലം പാഴാകുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട് . ഏകദേശം 35 വർഷത്തോളം പഴക്കമുള്ള പൈപ്പുകളാണ് ഈ പ്രദേശത്തുള്ളത് .കാലപ്പഴക്കം മൂലമാണ് ഈ സ്ഥലത്തു പൈപ്പ് ലൈൻ പൊട്ടൽ ഉണ്ടാകുന്നത് . |
| ബി) | പഴകിയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നത് സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | ബി) | പൈപ്പ് ലൈനുകൾ തകരാറിലാകുന്ന വിവരം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അവ സമയബന്ധിതമായി പരിഹരിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. പൈപ്പുകളുടെ കാലപ്പഴക്കം മൂലം തകരാറിലാകുന്ന പഴയതും കേടായതുമായ പൈപ്പുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാലപ്പഴക്കം ചെന്നതും കേടായതുമായ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായി 2019-20 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 100 പ്രവൃത്തികൾക്ക് 73.04 കോടിരൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി ഭരണാനുമതി നൽകിയ 1096.77 കോടി രൂപയുടെ പ്രവർത്തികളിൽ, 143.59 കോടി രൂപയുടെ പ്രവർത്തികൾ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ച് അത് വഴി ജലചോർച്ച ഒഴിവാക്കുവാൻ വേണ്ടിയുള്ളതാണ്. ഈ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.<br><br>കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബി 2016-17 ൽ ഉൾപ്പെടുത്തിയ 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) പ്രവർത്തികൾക്ക് 382.64 കോടി രൂപയുടെ ധനസഹായ അനുമതി നൽകിയിട്ടുണ്ട്. മേല്പറഞ്ഞ 10 സർക്കിളുകളിലെ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |
| സി) | കോട്ടപ്പടി മുതൽ കാവതിക്കുളം വരെയുള്ള ഭാഗത്ത് പൈപ്പ് പൊട്ടുന്നതിന് പരിഹാരമായി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | സി) | കോട്ടപ്പടി മുതൽ കാവതിക്കുളം വരെയുള്ള ഭാഗത്ത് പൈപ്പുകൾ പൊട്ടുന്നതിന് പരിഹാരമായി സമയ ബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തി പരമാവധി വേഗത്തിൽ കുടിവെള്ള വിതരണം പുനഃസ്ഥാപിക്കുന്നുണ്ട്. |

Renuka Sankar

സെക്ഷൻ ഓഫീസർ